സാമ്പത്തിക വർഷത്തിൽ 31-1-1979 വരെ 68 കോളനികളിൽ ഇലക്ട്രിസിറ്റി കണക്ഷനും 27 കോളനികളിൽ ശുദ്ധജല വിതരണപദ്ധതിയും നടപ്പിലാക്കി.

ഹരിജനക്ഷേമോദ്ധാരണ സ്കൂളിന് കെട്ടിടം പണിയാൻ നടപടി

808 [1225] ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമ സാമൂഹ്യവികസന മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ഡിസ്ട്രിക്റ്റിൽപ്പെട്ട തലപ്പിള്ളി താലൂക്കിൽ മണ്ടംപറമ്പ് ഹരിജന ക്ഷേമോദ്ധാരണ സ്ക്കൂളിന് മൂന്നു മുറികളുള്ള ഒരു കെട്ടിടം പണിയാൻ 1978-79-ലെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരുന്ന പണി ചെയ്തോ;

(ബി) ഇല്ലെങ്കിൽ പണിയുന്നതിനുള്ള തടസ്സമെന്താണ്;

(സി) ഈ കൊല്ലമെങ്കിലും അതിന്റെ പണി നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പണി തീർന്നു.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

ഗുരുവായൂർ–പാലക്കാട് റൂട്ടിൽ കൂടുതൽ ട്രാൻസ്പോർട്ട് ബസ്

809 [1227] ശ്രീ. എ. എൻ. യൂസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വളരെയധികം യാത്രക്കാർ ഉള്ള ഗുരുവായൂർ–പാലക്കാട് റൂട്ടിൽ കൂടുതൽ ട്രാൻസ്പോർട്ട് ബസ്സുകൾ അനുവദിക്കാൻ അനുമതി നൽകുമോ;

(ബി) ഗുരുവായൂർ-പാലക്കാട് റൂട്ടിൽ ട്രാൻസ്പോർട്ട് കോർപ്പറേഷൻ എക്സ്പ്രസ് സർവ്വീസ് തുടങ്ങാൻ തീരുമാനിച്ചത് നടപ്പിലാക്കാതിരിക്കാൻ പ്രത്യേക കാരണമുണ്ടോ;

(സി) ഈ റൂട്ടിൽ എക്സ്പ്രസ് സർവ്വീസ് നടത്തുവാൻ വേണ്ടുന്ന നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇക്കാര്യം പരിഗണിക്കുന്നതാണ്.

(ബി) ഗുരുവായൂർ–പാലക്കാട് റൂട്ടിൽ എക്സ്പ്രസ് സർവ്വീസിന് കെ. എസ്. ആർ. ടി. സി. ക്ക് പക്കാ പെർമിറ്റ് ലഭിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പെർമിറ്റ് നൽകിയതിനെതിരായി ഒരു സ്വകാര്യ ബസ്സുടമ കൊടുത്ത പരാതിയിൻമേൽ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയുടെ തീരുമാനമായിട്ടില്ല.

(സി) സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയുടെ തീരുമാനം കോർപ്പറേഷന് അനുകൂലമായിട്ടാണെങ്കിൽ സർവ്വീസ് ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly